KSSC/F3/3217/2018

29.10.2022

<u>പ്രസിദ്ധീകരണത്തിന്</u>

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോൽസാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്ക്കരിച്ച നടപ്പിലാക്കി വരുന്ന ഡോ.എ.പി.ജെ അബ്ദുൾകലാം സ്കോളർഷിപ്പ് സ്കീമിലേയ്ക്ക് 2021-2022 വർഷത്തേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. 14 മുതൽ 20 വയസ്സ് വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങൾക്കായിരിക്കും ആനുകൂല്യം ലഭിക്കുക. അത്ലറ്റിക്സ്, ബോക്സിംഗ്, ഫെൻസിംഗ്, സിമ്മിംഗ്, ബാഡ്മിൻറൺ, സൈക്ലിംഗ്, കനോയിംഗ് കയാക്കിംഗ്, റോവിംഗ് എന്നീ കായിക ഇനങ്ങളിൽ സ്കൂൾ, കോളേജ് തലത്തിൽ ദേശീയ (സൗത്ത് സോൺ) മത്സരത്തിൽ പങ്കെടുത്തു മൂന്നാം സ്ഥാനം കരസ്ഥമാക്കുകയാണ് സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ യോഗ്യത.

ഭിന്നശേഷിയുള്ള കായിക താരങ്ങളിൽ ഒരാളെ പരിഗണിക്കും, തിരഞ്ഞെടുക്കപ്പെടുന്നവർക്ക് പ്രതിമാസം 10,000/- (പതിനായിരം രൂപ മാത്രം) രൂപ നൽകും. അപേക്ഷകർ കായിക നേട്ടം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം സെക്രട്ടറി, കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ , തിരുവനന്തപുരം - 1 എന്ന വിലാസത്തിൽ നവംബർ 20 ന് മുന്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് (www.sportscouncil.kerala.gov.in) എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

(signature)

AJITHDAS A

CamScanner